**കേരള സർക്കാർ**

**സംഗ്രഹം**

- തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരസഭ - അനധികൃത കെട്ടിട നിർമ്മാണം - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി.ജി. ഗോപിക്കെതിരായ അച്ചടക്ക നടപടി - പുന:പരിശോധനാ ഹർജി - ശിക്ഷയിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യൂ) വകുപ്പ്**

സ.ഉ.(സാധാ) നം. 3351/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.12.2014

==========================================================================

പരാമർശം:- 1) 22.07.2013 തീയതിയിലെ ജി.ഒ. (ആർ.ടി) നം. 1932/13/തസ്വഭവ.
2) നഗരസഭാ സെക്രട്ടറി ശ്രീ. പി.ജി.ഗോപിയുടെ 26.08.2013 തീയതിയിലെ പുന:പരിശോധനഹർജി.
3) നഗരകാര്യ ഡയറക്ടറുടെ 30.08.2014 തീയതിയിലെ വി2-5454/12 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ നഗരസഭയിൽ TS No. 174- ൽ ഉൾപ്പെട്ട സ്ഥലത്ത് 4 നിലകളുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് G.O. (Rt.) No. 4326/90/LAD dated 31.10.1990, G.O. (Rt.) No. 2138/92/LAD dated 31.03.1992, G.O. (Rt.) No. 3458/96/LAD dated 13.09.1996 ഉത്തരവുകൾ പ്രകാരം ശ്രീ. മുഹമ്മദ് അഷ്റഫ്, ശ്രീ.കെ.എൻ. നാസർ എന്നിവർക്ക് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 84-ൽ നിന്നും ചില നിബന്ധനകളോടുകൂടി സർക്കാർ exemption നൽകിയിരുന്നു. പ്രസ്തുത കെട്ടിടം ടിയാന്റെ അതിർത്തിയിൽ നിന്നും ആവശ്യമായ തുറസായ സ്ഥലം നൽകാതെ അനധികൃതമായി നിർമ്മിച്ചതാണെന്ന അയൽവാസിയായ ശ്രീ.സി.സി. പവിത്രന്റെ പരാതിയിന്മേൽ ജില്ലാ ടൗൺ പ്ലാനർ നടത്തിയ അന്വേഷണത്തിൽ പ്രസ്തുത നിർമ്മാണത്തിൽ ചട്ടലംഘനങ്ങൾ കണ്ടെത്തി നടപടിക്ക് ശുപാർശ ചെയ്തിരുന്നു. എന്നാൽ ഇതു സംബന്ധിച്ച നഗരസഭ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചട്ടലംഘനങ്ങൾ ചൂണ്ടിക്കാട്ടിയിട്ടില്ല. ഇക്കാര്യത്തിൽ സീനിയർ ടൗൺ പ്ലാനർ

(വിജിലൻസ്) നടത്തിയ അന്വേഷണത്തിൽ സർക്കാർ ഉത്തരവോ, അംഗീകൃത പ്ലാനോ, പൂർത്തീകരണ പ്ലാനോ, യഥാർത്ഥ നിർമ്മാണമോ വേണ്ടവിധം പരിശോധിക്കാതെയാണ് കെട്ടിടത്തിന് നമ്പർ നൽകിയതെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചു. ഇക്കാര്യത്തിൽ ചീഫ് ടൗൺ പ്ലാനർ നടത്തിയ സ്ഥല പരിശോധനയിൽ അപേക്ഷകൻ സർക്കാർ ഉത്തരവുകളിലെ G.O. (Rt.) No. 4326/90/LAD dated 31.10.1990, (Set back മായി ബന്ധപ്പെട്ട) നിബന്ധനകൾ എല്ലാം ലംഘിച്ച് നിർമ്മാണം നടത്തിയിരിക്കുന്നതായാണ് കാണുന്നതെന്നും ആയതിനാൽ പരാമർശിത കെട്ടിടത്തിൽ Exemption ഉത്തരവുകളുടെ ലംഘനം ഇല്ല എന്ന് സർക്കാരിനെ അറിയിച്ചത് വലിയ വീഴ്ചയാണെന്നും, സ്വർണ്ണക്കടയും സ്റ്റോറുമായി പ്രവർത്തിച്ചു വരുന്ന സെല്ലാർ ഫ്ളോറിന്റെ പ്ലാൻ നഗരസഭ അംഗീകരിച്ചില്ലെന്നും കണ്ടെത്തി റിപ്പോർട്ട് സമർപ്പിച്ചു. മേൽ സാഹചര്യത്തിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് ഒത്താശ ചെയ്യുകയും സർക്കാരിന് തെറ്റായ റിപ്പോർട്ട് നൽകുകയും ചെയ്ത നഗരസഭാ സെക്രട്ടറി ശ്രീ. പി.ജി. ഗോപിയ്ക്ക് എതിരായ അച്ചടക്ക നടപടി പരാമർശ കെട്ടിടത്തിന്റെ കാര്യത്തിൽ ചട്ടങ്ങളുടെ ലംഘനം ഒന്നും തന്നെയില്ല എന്ന റിപ്പോർട്ടിന്റെ കാര്യത്തിലും SLP(C) 10981/2006 കേസിൽ ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുള്ള അഫിഡവിറ്റിന്റെ കാര്യത്തിലും തെറ്റായ വസ്തുതകൾ റിപ്പോർട്ട് ചെയ്തു എന്ന കാരണത്താലും ടിയാൻ ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുള്ളതായി കണ്ടെത്തിയ സാഹചര്യത്തിൽ ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി.ജി. ഗോപി പരാമർശം (2) പ്രകാരം സർക്കാരിന് പുനഃപരിശോധനാ ഹർജി

സമർപ്പിച്ചിരുന്നു. രാവിലെ മുതൽ രാത്രി വളരെ വൈകിവരെയുള്ള ഓഫീസ് ജോലിത്തിരക്കുകൾക്കിടയിൽ പുറംവാതിൽ പരിശോധന, സ്ഥല പരിശോധന എന്നിവയ്ക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന നൂറ് കണക്കിന് പരിശോധന റിപ്പോർട്ടുകളിൽ പറഞ്ഞ കാര്യങ്ങൾ വീണ്ടും സ്ഥലപരിശോധന സ്വയം നടത്തി അപാകതകൾ കണ്ടുപിടിക്കുക എന്നത് സെക്രട്ടറി എന്ന നിലയിൽ പ്രായോഗികമല്ല എന്നും ആയതിനാൽ 36 മാസത്തെ ഇൻക്രിമെന്റുകളുടെ സാമ്പത്തിക ആനുകൂല്യം തടയുന്നതുപോലുള്ള ശിക്ഷയ്ക്ക് താൻ അർഹനല്ല എന്നുമുള്ള പുനഃപരിശോധനാ ഹർജിയിലെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂപ്രീം കോടതിയിൽ തെറ്റായ അഫിഡവിറ്റ് ഫയൽ ചെയ്ത് നിലവിലെ ഉത്തരവിനു വിരുദ്ധമായി നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് നിയമ നടപടി സ്വീകരിക്കുന്നതിനു സർക്കാർ നിർദ്ദേശിച്ചിട്ടും ഒന്നാം ഗ്രേഡ് ഓവർസിയർ നൽകിയ റിപ്പോർട്ട് അംഗീകരിച്ച് തെറ്റായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചുവെന്നതുമാണ് ശ്രീ. പി. ജി. ഗോപിക്കെതിരെ വെളിവായിട്ടുള്ള ചാർജ്ജുകൾ. കെട്ടിട നിർമ്മാണ ചട്ടങ്ങൾ സംബന്ധിച്ച സാങ്കേതിക പരിജ്ഞാനമില്ലെന്ന സെക്രട്ടറിയുടെ വാദം പരിഗണനാർഹമാണ്. എന്നിരുന്നാലും ഒന്നാം ഗ്രേഡ് ഓവർസിയർ നൽകിയ റിപ്പോർട്ടിന്റെ കൃത്യത ആയതിന് മുകളിലുള്ള മുനിസിപ്പൽ എഞ്ചിനീയറോട് പരിശോധിക്കാനാവശ്യപ്പെട്ടിരുന്നെങ്കിൽ ഒരു പക്ഷേ ഇത്തരത്തിൽ തെറ്റായ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകില്ലായിരുന്നു. ഇത്തരത്തിൽ ശ്രീ.പി.ജി.ഗോപിയുടെ ഭാഗത്ത് കൃത്യവിലോപം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. ശ്രീ.പി.ജി.ഗോപി 30.09.2014 തീയതിയിൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിലും, രണ്ട് ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷയ്ക്ക് ടിയാൻ അർഹനല്ലെന്നുമുള്ള

ശ്രീ.പി.ജി.ഗോപിയുടെ വാദം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന നഗരകാര്യ ഡയറക്ടറുടെ അഭിപ്രായം പരിഗണിച്ചും ശ്രീ.പി.ജി.ഗോപിയുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞ പരാമർശം (1) ലെ ഉത്തരവ് പുനഃപരിശോധിച്ച് ശിക്ഷാനടപടി ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ.പി.എം. മുഹമ്മദ് ഹനീഷ്,** ഐ.എ.എസ്
**ഗവൺമെന്റ് സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ നഗരസഭ.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ നഗരസഭ
ശ്രീ. പി.ജി. ഗോപി, റിട്ട. മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് I
( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**